■ ഇടപ്പള്ളി-മണ്ണുത്തി ദേശീയപാത

പാലിയേക്കരയിൽ ടോൾ വിലക്ക് നീക്കി, നിരക്ക് കൂട്ടരുത്

ഗതാഗതക്കുരുക്ക് രൂക്ഷമായതിനെത്തുടർന്ന് 71 ദിവസമായി ടോൾ പിരിവ് വിലക്കിയിരിക്കുകയായിരുന്നു

സ്വന്തം ലേഖിക

കൊച്ചി

ഇടപ്പള്ളി–മണ്ണുത്തി ദേശീയപാതയിൽ പാലിയേക്കരയിലെ ടോൾ പിരിവിനുള്ള വിലക്ക് പൈക്കോടതി നീക്കി. അതേസമയം കോടതിയുടെ തുടർച്ചയായുള്ള ഇടപെടലുകൾക്കുമുന്നിലായതോടെ ടോൾ നിരക്ക് വർധിപ്പിക്കുമെന്നും ജസ്റ്റിസ് എ മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് കരാറുകാരന് നിർദേശം നൽകി. നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നു ണ്ടെങ്കിലും വാഹനത്തിരക്കും സുരക്ഷാ പ്രശ്നങ്ങളും തുടരുകയാണെന്ന് ജില്ലാ കലക്ടർ അധ്യക്ഷനായ മേൽനോട്ടസമിതി റിപ്പോർട്ട് നൽകി. എന്നാൽ, ഈ വിഷയങ്ങൾ മുൻകൂർനോക്കുന്നതിൽ പരിഹരിക്കുമെന്ന് അഡി ഷണൽ സോളിസിറ്റർ ജനറൽ കോടതിക്ക് ഉറപ്പുനൽകിയതോടെയാണ് വിലക്ക് നീക്കിയത്. ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശങ്ങൾ കണ്ടില്ലെന്നുനടിക്കാൻ കഴിയില്ലെന്നും അതുപോലെതന്നെ അടിപ്പാത നിർമാണവും നടക്കണമെന്നും കോടതി ചൂണ്ടിക്കാട്ടി. പുരിശോധന നടത്തി റിപ്പോർട്ട് നൽകാൻ മേൽനോട്ടസമിതിയോട് കോടതി നിർദേശിച്ചു. ഹർജി രണ്ടാഴ്ചയുടേതു വീണ്ടും പരിഗണിക്കും.

പാലിയേക്കരയിൽ മാസം ശരാശരി 15 കോടി രൂപയാണ് ടോൾ പിരിച്ചിരുന്നത്. വിലക്ക് നിലനിൽക്കുന്ന 71 ദിവസത്തിനുള്ളിൽ ഒരുകോടി രൂപയാണ് അത് ദേശീയപാത അതോറിറ്റിയും കരാറുകാരനുമായുള്ള നിയമനടപടികൾക്കിടയാകും. അടിപ്പാതയുടെ നിർമാണംമൂലം അസൗകര്യങ്ങളുണ്ടാകും. എന്നാൽ, ജനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ബുദ്ധിമുട്ടുതിരിക്കാനാണ് പുതുക്കിയ നിരക്ക് ഈടാക്കുന്നത് തടഞ്ഞതെന്നും കോടതി പറഞ്ഞു. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ഡിവിഷൻ ബെഞ്ചിലെ ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ, ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് എന്നിവരുടെ ഡിവിഷൻ ബെഞ്ചിലെ ജസ്റ്റിസ് ടോം കുര്യൻ, ജസ്റ്റിസ് കെ ബാബു